**പതിനാലാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.618 29.01.2019-ൽ മറുപടിക്ക്**

## നെയ്യാറ്റിൻകര നഗരപ്രദേശത്ത് വൈദ്യുതി വകുപ്പ് നടത്തുന്ന പ്രവൃത്തികൾ

| | ചോദ്യം<br>ശ്രീ. കെ. ആൻസലൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | നെയ്യാറ്റിൻകര നഗരപ്രദേശത്ത് വൈദ്യുതി വകുപ്പ് പുതുതായി നടത്തുന്ന ലൈൻ ഷിഫ്റ്റിംഗ്, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്ക് എത്ര കോടി രൂപയാണ് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ; | (എ) & (ബി) | നെയ്യാറ്റിൻകര നഗരപ്രദേശത്ത് പ്രധാനമായും IPDS പദ്ധതിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളത്. പ്രസ്തുത പദ്ധതിക്കായി 1916.439 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. ഇതു കൂടാതെ PPS പദ്ധതിയിൽ 70 ലക്ഷം രൂപയുടെ പ്രവൃത്തികൾ ഉൾകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്.<br>IPDS പദ്ധതിയിൽ ഉൾപ്പെടുത്തി 39 ട്രാൻസ്ഫോർമറുകൾ പുതുതായി സ്ഥാപിക്കാനും, 5.4 കി.മീ ത്രീ ഫേസ് എൽ.ടി ലൈനും, 3.3.കി.മീ എച്ച്.ടി ലൈൻ നിർമിക്കാനും, 40 കി.മീ സിംഗിൾ ഫേസ് ലൈനിന്റെയും 16 കി.മീ എച്ച്.ടി ലൈനിന്റെയും ചാലകശേഷി കൂട്ടാനും, 2500 സിംഗിൾ ഫേസ് മീറ്ററുകളും, 40 ത്രീ ഫേസ് മീറ്ററുകളും മാറ്റി വയ്ക്കാനും ലക്ഷ്യമിടുന്നു.<br>PPS പദ്ധതിയിൽ, 2.539 കി.മീ എൽ .ടി സിംഗിൾ ഫേസ് ലൈൻ നിർമ്മാണം, 4.315 കി. മീ. സ്ട്രീറ്റ് മെയിൻ ഉൾപ്പെടെയുള്ള സിംഗിൾ ഫേസ് ലൈൻ നിർമ്മാണം, 37.797 കി. മീ. സ്ട്രീറ്റ് മെയിൻ നിർമ്മിക്കുക, 82 ഡബിൾ ട്യൂബ് ലൈറ്റുകൾ സ്ഥാപിക്കുക, വിവിധ സ്ഥലങ്ങളിലെ പോസ്റ്റുകളും ലൈനുകളും മാറ്റിസ്ഥാപിക്കുക തുടങ്ങിയ പ്രവൃത്തികളാണ് ഉൾക്കൊള്ളിച്ചിരിക്കുന്നത്.<br>IPDS, PPS എന്നീ പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ പുരോഗമിക്കുന്നു. |
| (ബി) | നഗരപ്രദേശത്ത് ഇതുമായി ബന്ധപ്പെട്ട് നടത്തുന്ന മറ്റ് പ്രവൃത്തികൾ എന്തൊക്കെ എന്ന് വിശദീകരിക്കാമോ; | | |
| (സി) | ഈ പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് എത്ര മാസം വേണ്ടിവരും എന്ന് വ്യക്തമാക്കാമോ? | (സി) | IPDS പദ്ധതി പ്രകാരമുള്ള പ്രവൃത്തികൾ 2019 മാർച്ച് മാസത്തോടു കൂടി പൂർത്തീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ